# വിജ്ഞാന ദീപം



**2019-2021 ലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ.**



# ആശംസ

ബുദ്ധിയും കർമ്മശേഷിയും വളർത്തുന്നതോടൊപ്പം കുട്ടികളിലുള്ള നൈസർഗിക വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കേണ്ട ബാധ്യതയും വിദ്യാഭ്യാസത്തിനുണ്ട്. ആധുനികലോകം സാങ്കേതികവിദ്യയിലൂന്നിയാണ് നിലനിൽക്കുന്നത്.കുട്ടികളുടെ കലാപരവും സാഹിത്യപരവുമായ ജന്മവാസനകളുടെ സവിശേഷമായ പരിപോഷണം സാങ്കേതികവിദ്യയിലൂടെ സ്വായത്തമാക്കുവാൻ ഇത്തരം ഡിജിറ്റൽ മാഗസിനുകൾ സഹായിക്കുന്നു.ചെറുകഥകളും, ചിത്രങ്ങളും ലേഖനങ്ങളും,കവിതയുമെല്ലാം അണിനിരക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ കഥാസാഹിത്യസാങ്കേതികവാസനകള പരിപോഷിപ്പിക്കാൻ അവസരം ഒരുക്കി എന്നതിൽ സംശയമില്ല. അറിവിന്റെ പടവുകളിലേക്ക് നടന്നുകയറുന്ന ഈ കലാലയത്തിന്റെ സാഹിത്യപ്രതിഭകൾക്ക് ആശംസകൾ നേർന്നുകൊണ്ട്

ഹെഡ്മാസ്റ്റർ

ബിജോയി ജോസഫ്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# ആശംസ

ആധുനിക ലോകം സാങ്കേതിക വിദ്യയിലൂന്നിയാണ് നിലനില്ക്കുന്നത്. ഈ കാലഘട്ടത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക എന്നത് ഏറെ അഭിമാനാർഹമാണ്. തങ്ങളുടെ കലാപരവും സാഹിത്യപരവുമായ രചനകൾ ഡിജിറ്റലൈസ് ചെയ്തു കാണുക എന്നത് ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് വളരെ സന്തോഷകരമാണ്. അവസരങ്ങളാണ് കുട്ടികളെ ഉന്നതിയിലെത്തിക്കുന്നത്. ' കുപ്പിയിലെ മാണിക്യം' എന്നതുപോലെ പല കുട്ടികളിലും മയങ്ങിക്കിടക്കുന്ന പ്രതിഭാശേഷി തട്ടിയുണർത്തുവാൻ ഈ ഡിജിറ്റൽ മാഗസിൻ കാരണമായി. തങ്ങളുടെ പ്രതിഭാശേഷി പ്രതിഫലിപ്പിക്കാൻ ശ്രമിച്ച എല്ലാ കുട്ടികൾക്കും ആശംസകൾ നേരുന്നു.

ത്രേസ്യാമ്മ ജോർജ്ജ്
(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)
ടെസി ചെറിയാൻ
(ലിറ്റിൽ കൈറ്റ്സ മിസ്ട്രസ്)

# ____EDITORIAL BOARD



1. ADITHYAN V.R
2. ADITHAYAN .S. THOPPIL
3. BIBIN MATHEW
4. AKASH BIJU
5. GINO JAMES
6. LIJIN LIJO
7. ASHLY ANNA JOY
8. MARIYA MATHEW
9. ANNU MARIYA JIBI
10. SREEPRIYA SURESH

# ഇതളുകൾ വിരിയുമ്പോൾ



ഇതൾ — പേജ് നമ്പർ

## ഉള്ളടക്കം


| ഇതൾ | പേജ് നമ്പർ |
|---|---|
| . വിദ്യാലയചരിത്രം | 8 |
| . ഇംഗ്ലീഷ് കവിത | 11 |
| . കവിത | 12 |
| . ഇംഗ്ലീഷ് കവിത | 13 |
| . സാരോപദേശം | 14 |
| . ഗാന്ധി സാഹിത്യസംഗ്രഹം | 17 |
| . ജീവചരിത്രം | 18 |
| . ജനറൽ ക്വിസ് | 19 |
| . കവിത | 20 |

. ജീവചരിത്രം 21
. റോബോട്ടിക്സ് 22
. സംഖ്യാപിരമിഡ് 23
. 2 ന്റെ കളികൾ 24
. എൻസൈക്ലോപീഡിയ 25

# സെൻറ് ജോൺസ് ഹൈസ്കൂൾ

## സംക്ഷിപ്ത ചരിത്രം

മഞ്ഞണിമാമലയിലൂടെ ഒഴുകുന്ന കൊച്ചു കല്ലോലിനികളുടെ താളത്തിന് ചെവി കൊടുത്ത്, സസ്യശ്യാമളയായ കുറമണ്ണ് ഗ്രാമത്തിന്റെ നിറുകയിലെ തിലകക്കുറിയായി ശോഭിക്കുന്ന സെന്റ് ജോൺസ് എന്ന വിദ്യാശ്രീകോവിൽ. സാംസ്കാരികതയുടെ ഈറ്റില്ലം എന്നറിയപ്പെടുന്ന കുറമണ്ണ് ഗ്രാമത്തിന്റെ കുറുള്ള മണ്ണിൽ ജാതി വർഗ്ഗ ഭേദമെന്യേ ഏവരുടെയും അകക്കണ്ണ് തുറപ്പിക്കാൻ നിതാന്ത ജാഗ്രതയോടെ തലയുയർത്തി നിൽക്കുന്നു ഈ സരസ്വതീക്ഷേത്രം.

ദശാബ്ദങ്ങൾക്കുമുമ്പ് പള്ളിയോടനുബന്ധിച്ച് ഒറ്റമുറിയിൽ (1929)ൽ നമ്മുടെ സ്കൂളിന്റെ എൽ.പി വിഭാഗം പ്രവർത്തനമാരംഭിച്ചു. ഉദാരമതിയായ

ഐപ്പൻപറമ്പിൽകുന്നേൽ ചാണ്ടി ചാക്കോ ദാനമായി നൽകിയ സ്ഥലത്തേക്ക് പിന്നീട് സ്കൂൾ മാറ്റി.പ്രാരംഭദശയിൽ ബഹു. ജോസഫ് കൂടത്തിനാലച്ചൻ മാനേജരായും, ബഹു. എസ്തപ്പാൻ സാർ ഹെഡ്മാസ്റ്ററായും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. പിന്നീട് ബഹു. ചാക്കോ വാഴയ്ക്കലച്ചന്റെ അക്ഷീണശ്രമഫലമായി. യു.പി സ്കൂളിന് അനുമതി ലഭിച്ചു. 1939 ൽ പ്രവർത്തനം തുടങ്ങിയ യു. പി സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായി കിഴക്കേക്കര സാർ നിയമിതനായി.ബഹു. ജോസഫ് ഓലിയ്ക്കലച്ചന്റെ നിരന്തരശ്രമത്തിന്റെ ഫലമായി 1976 ൽ ഹൈസ്കൂളിന് അനുമതി ലഭിച്ചു. ഹൈസ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്ററായി ശ്രീ. കെ.ജെ. മത്തായി സാർ സാരഥ്യം ഏറ്റെടുത്തു. പുതിയതായി പ്രീ-പ്രൈമറി ക്ലാസ്സുകൾക്കും തുടക്കം കുറിച്ചുകഴിഞ്ഞു.

അനേകം മഹത്തുക്കൾക്ക്
ജന്മമേകിക്കൊണ്ട് അറിവിന്റെയും
സംസ്കാരത്തിന്റെയും മാർഗ്ഗദീപമായി
ഉജ്ജ്വലിക്കുന്ന സെന്റ് ജോൺസ്
വരുംതലമുറയ്ക്ക് വഴികാട്ടിയാകട്ടെ.



# *A Prayer in Spring*




Oh, give us pleasure in the flowers to-day;
And give us not to think so far away
As the uncertain harvest; keep us here
All simply in the springing of the year .

Oh, give us pleasure in the orchard white,
Like nothing else by day, like ghosts by night;
And make us happy in the happy bees,
The swarm dilating  round the perfect trees.

And make us happy in the darting bird
That suddenly above the bees is heard,
The meteor that thrusts in with needle bill,
And off a blossom in mid air stands still.



# തുടിതാളം തേടി.....

നമ്മുടെ മാതാവ്വ-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

## On Killing A Tree

***It takes much time to kill a tree,***
***Not a simple jab of the knife***
***Will do it. It has grown***
***Slowly consuming the earth,***
***Rising out of it ,feeding***
***Upon its crust, absorbing  Years of***
***sunlight ,air , water,***
***And out of its leperous hide***
***Sprouting leaves***



# കൺഫ്യൂഷിയസിന്റെ



# അന്ത്യോപദേശം

ചൈനയിലെ പ്രസിദ്ധനായ ദാർശനികനാണ് കൺഫ്യൂഷിയസ്. മരണശയ്യയിൽ കിടന്നിരുന്ന അദ്ദേഹത്തിന്റെ ചുറ്റും പ്രിയ ബന്ധുമിത്രാദികളും ശിഷ്യന്മാരും കൂടിനിന്നിരുന്നു.

കൺഫ്യൂഷിയസ് ചോദിച്ചു. "നിങ്ങൾക്കെന്റെ വായിലെന്തുണ്ടെന്ന് കാണാമോ ?”


പല്ലുകളെല്ലാം പൊഴിഞ്ഞ വായിലേയ്ക്ക് നോക്കിക്കൊണ്ട് ഒരാൾ പറഞ്ഞു, "പ്രഭോ, നാവുമാത്രം കാണാം.”

ഏതാനും നിമിഷങ്ങൾക്കുശേഷം

കൺഫ്യൂഷിയസ് ചോദിച്ചു, "നിങ്ങളുടെ വായിൽ എന്തു കാണാം?" “ അവർ പറഞ്ഞു. നാവും പല്ലും പ്രഭോ.”

ആ മഹാത്മാവ് മൃദുവായ ശബ്ദത്തിൽ മൊഴിഞ്ഞു.” മനുഷ്യൻ ജനിക്കുമ്പോൾ അവനു നാവു മാത്രമേയുള്ളു. പല്ല് പിന്നീടാണ് വരുന്നത്. അവ നാവിനേക്കാൾ എത്രയോ കടുപ്പവും കരുത്തും ഉള്ളവയാണ്. പക്ഷെ മനുഷ്യന് വയസ്സാകുന്നതനുസരിച്ച് അവന്റെ കടുപ്പവുമുള്ള കരുത്തുമുള്ള പല്ലുകൾ കൊഴിഞ്ഞു പോകുന്നു. മാർദ്ദവവും വഴക്കവുമുള്ള നാവ് മരണംവരെ അവശേഷിക്കുന്നു.”

കൺഫ്യൂഷിയസിന്റെ അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം ക്ഷീണിതസ്വരത്തിൽ പറഞ്ഞു, "ഇതാണെന്റെ അവസാനത്തെ ഉപദേശം. മൃദുവായത് - വഴക്കമുള്ളത് - നിലനില്ക്കുന്നു. അതു




കൊണ്ട് മാർദ്ദവത്തോടെ പെരുമാറുക.

"മൃദുലമായി സംസാരിക്കുക. ദയയും ക്ഷമയും വിട്ടുവീഴ്ച്ചയും ചെയ്യുക.

കണ്ടഫ്യൂഷിയസിന്റെ കണ്ണുകൾ മൃദുവായടഞ്ഞു.










JINO JAMES

IX A

# ഗാന്ധിസാഹിത്യസംഗ്രഹം (ഗാന്ധിജി)



ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം. നിങ്ങൾ സംശയഗ്രസ്ഥരാകുമ്പോഴോ അഹന്ത നിങ്ങളിൽ അതിരു കവിയുമ്പോഴോ ഈ ഒരു ഉപായം പരീക്ഷിച്ചു നോക്കിയാൽ മതി.

നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ദരിദ്രനായ,നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കൽപിച്ചുനോക്കുക.എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചു നോക്കുക.അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ? അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ, നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ?
അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.

By,
AKASH BIJU

# തകഴി ശിവശങ്കരപ്പിള്ള



'കുട്ടനാടിൻെറ കഥാകാരന്റ്' എന്നറിയപ്പെടുന്ന തകഴിയുടെ കൃതികൾ ഏറെയും സാധരണക്കാരുടെ ജീവിതത്തെപ്പറ്റിയുള്ളതാണ്. സ്കൂൾ വിദ്യാഭ്യാത്തിനശേഷം തിരുവനന്തപുരം ലോ കോളേജിൽ നിയമപഠനം പൂർത്തിയാക്കി,ആ കാലത്ത് കേസരി ബാലകൃഷ്ണപ്പിള്ളയുമായുണ്ടായ പരിചയം തകഴിയെ പാശ്ചത്യ സാഹിത്യവുമായി അടുപ്പിച്ചു. ചെമ്മീൻ, കയർ, രണ്ടിടങ്ങഴി തുടങ്ങിയവ പ്രധാന കൃതികളാണ്.1983-ൽ പത്മഭൂഷൺ ബഹുമതിയും 1984-ൽ ജ്ഞാനപീഠ പുരസ്കാരവും ലഭിച്ചു.

# GENERAL KNOWLEDGE

1. When the social media site Facebook was first founded ?
2004
2. Where the head quarter of 'Google' is located ?
California
3. Which is the tallest tower in the world ?
Tokyo,Sky tree, Japan
4.In which city the head quarter of world bank is located?
Washington
5.In which country white elephant is found ?
Thailand
6. Which continent has the highest number of countries ?
Africa
7. Which country is the largest producer of tea in the world ?
China
8. Which country is the largest producer of coffee in the world ?
Brazil
9. Which country is known as the "Battleground of Europe" ?
Belgium
10. In which country " Suez canal" is located ?
Egypt

By,

Maria Mathew

IX,A



# നീലാകാശം (കവിത)

-വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

അതിരില്ലാതെ പരന്നുകിടപ്പു -
ണ്ടാകാശം , നീലാകാശം
അവിടെപ്പക്ഷികണക്കേ പായാൻ
കവിയുന്നുണ്ടേ മോഹം

ചിറകില്ലാതെ പറക്കാനാമോ
ചിന്താശൂന്യതയല്ലേ ?
ഗഗനരഥത്തിൽ കയറിപ്പോകാം
ഗതിയില്ലല്ലോ വേറെ

എന്നാലെന്റെ മനസ്സിനു ചെല്ലാ-
മെല്ലാദ്ദിക്കിലുമൊപ്പം
ചിറകില്ലാതെ , രഥമില്ലാതെ
പാറാനെങ്ങനെയാവും ?



# ജി. ശങ്കരക്കുറുപ്പ്



ആദ്യത്തെ ജ്ഞാനപീഠ പുരസ്കാര ജേതാവായ ജി. ശങ്കരക്കുറുപ്പ് കുട്ടിക്കാലത്തു തന്നെ കവിതകൾ എഴുതുമായിരുന്നു.

കവി,അദ്ധ്യാപകൻ, രാജ്യസഭാംഗം എന്നീ നിലകളിൽ പ്രശസ്തനായ അദ്ദേഹം കേരള സാഹിത്യ അക്കാദമി പ്രസിഡൻറ് പദവും കേന്ദ്ര സാഹിത്യ അംഗത്വവും വഹിച്ചിട്ടുണ്ട്.ഓടക്കുഴൽ,ജീവിതസംഗീതം,വിശ്വദർശനം,അന്തർദാഹം തുടങ്ങിയ കവിത സമാഹാരങ്ങളും ധാരാളം കുട്ടിക്കവിതകളും അദ്ദേഹം രചിച്ചിട്ടുണ്ട്.ഓടക്കുഴൽ എന്ന കവിതാ സമാഹാരത്തിനാണ് ജ്ഞാനപീഠ പുരസ്കാരം ലഭിച്ചത്.

# റോബോട്ടിക്സ്

ഇന്ന് ഏറെ പ്രധാന്യമുള്ള ഒരു ശാസ്ത്രശാഖയാണ് റോബോട്ടിക്സ് .
റോബോട്ടുകളുടെ
ഉപയോഗം വ്യാവസായികരംഗവും പ്രതിരോധരംഗവും കടന്ന്
ആരോഗ്യ,സേവനരംഗ
ങ്ങളിൽവരെ എത്തി നിൽക്കുന്നു. സാധാരണക്കാരൻ്റ ജീവിതത്തിലെ
അവിഭാജ്യ
ഘടകമായി റോബോട്ടുകൾ മാറുന്ന കാലം അതിവിദൂരമല്ല എന്ന് തന്നെയാണ്
സോഫിയയെപോലുള്ള ( സൗദി അറേബ്യ അടുത്തുള്ള പൗരത്വം നൽകി
അംഗീകരിച്ച റോബോട്ട് )
റോബോട്ടുകളെ കുറിച്ചുള്ള വാർത്തകൾ നമുക്ക് പറഞ്ഞു തരുന്നു.

മനുഷ്യൻ പഞ്ചേന്ദ്രിയങ്ങളുടെ സഹായത്തോടെ ബാഹ്യലോകത്തെ കാര്യങ്ങൾ
തിരിച്ചറിയുന്നതുപോലെ റോബോട്ടുകൾ വ്യത്യസ്തതരം സെൻസറുകളുടെ
സഹായത്തോടെ
വിവരങ്ങൾ ഗ്രഹിക്കുകയും അവ നേരത്തെ തയ്യാറാക്കി വച്ച
നിർദ്ദേശങ്ങൾക്കനുസരിച്ച് അപഗ്രഥിച്ച്
പ്രവർത്തിക്കുകയും ചെയ്യുന്നു.



# സംഖ്യ പിരമിഡ്

1 * 8 + 1 = 9
11 * 8 + 11 = 99
111 * 8 + 111 = 999
1111 * 8 + 1111 = 9999
11111 * 8 + 11111 = 99999
111111 * 8 + 111111 = 999999
1111111 *8 + 1111111 = 9999999
11111111  * 8 + 11111111 = 99999999

# രണ്ടിന്റെ കളികൾ

2 = 2

2 + 2 =4

2 + 2 + 2 =6

2 + 2 + 2 + 2 =8

2 + 2 + 2 + 2 + 2 =10

2 - 2 = 0

2 - 2 - 2 = -2

2 - 2 - 2 - 2 = -4

2 - 2 - 2 - 2 - 2 = -6

# ചെടികളിലെ  വേട്ടക്കാർ

ചെറുജീവികളെയും പ്രാണികളെയും കെണിയിലാക്കി പിടിച്ചു തിന്നുന്ന ധാരാളം ചെടികളുണ്ട്.ഏതാണ്ട്  900 ഇരപിടിയൻ ചെടികളെ  ഇതുവരെ ശാസ്ത്രലോകം തിരിച്ചറിഞ്ഞിട്ടുണ്ട്.പല ഇരപിടിയൻ ചെടികളെയും പൂന്തോട്ടങ്ങളിൽ വളർ ത്താറുണ്ട്.ചാൾസ് ഡാർവിനാണ് ഇരപിടിയൻ ചെടികളെ ശാസ്ത്രീയമായി തരംതിരിക്കാൻ ആദ്യമായി  ശ്രമിച്ചവരിൽ ഒരാൾ.ഇപ്പോഴും ലോകത്ത് ഓരോ വർഷവും പുതിയ ഇനം ഇരപിടിയൻ ചെടികളെ കണ്ടെത്തുന്നുണ്ട്.

# വീനസ് ഫ്ളൈ ട്രാപ്പ്



'വീനസ് ഫ്ളൈ ട്രാപ്പ് 'എന്നറിയപ്പെടുന്ന ലോകപ്രശസ്തമായ ഇരപിടിയൻ ചെടികളാണ് ഡയോണെയ മസ്കിപ്പുല. അമേരിക്കയിലാണ് ഈ ചെടിയുള്ളത്. അത്ഭുതകരമായ ഇരപിടിക്കൽ രീതിയാണ് ഇതിനുള്ളത്.പ്രാണി അകപ്പെട്ടാൽ വായ തുറന്നടയും പോലെ ഇലയുടെ രണ്ടു പാളികളും അടയും. പാളികളിലുള്ള നേർത്ത



രോമങ്ങളാണ് പ്രാണി കുടുങ്ങിയ ചെടിയെ അറിയിക്കുന്നത്.1760-ലാണ് ഈ വേട്ടക്കാരൻ ചെടിയെ ശാസ്ത്രലോകം തിരിച്ചറിഞ്ഞത്.






# നെപ്പന്തസ്




കുടംചെടികൾ എന്നറിയപ്പെടുന്ന നെപ്പന്തസ്ചെടികൾ 17 തരമുണ്ട്.ഇന്ത്യ,

ശ്രീലങ്ക,മലേഷ്യ,ചൈന, ഓസ്ട്രേലിയ തുടങ്ങി ലോകത്തിൻെറ പല ഭാഗത്തും ഈ ചെടികളുണ്ട്. ചുറ്റിപിടിച്ച് വളരുന്ന ഈ ചെടികളുടെ ഇലകളുടെ അറ്റത്ത് ഓരോ ചെറിയ വള്ളികളുണ്ടാവും.ഇതിൻെറ അറ്റത്ത് കുടങ്ങളുടെ ആകൃതിയിലുള്ള ഭാഗമുണ്ട്. ഈ കുടങ്ങളിൽ അകപ്പെടുത്തിയാണ് പ്രാണികളെ പിടികൂടുന്നത്.കെണിക്കുടങ്ങളിൽ പ്രാണികൾക്ക് രക്ഷപ്പെടാൻ കഴിയാത്ത തരത്തിലുള്ള കൊഴുത്ത ദ്രാവകമുണ്ട്.കെണിയിൽപ്പെട്ട ജീവിയുടെ ശരീരത്തിൽനിന്ന് ചെടി പോഷകാംശം വലിച്ചെടുക്കും.









# സറസേനിയ

വടക്കേ അമേരിക്കയിലാണ് ഈ ചെടികളുള്ളത്.11 തരം സറസേനിയ ചെടികളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടുണ്ട്. കുഴലുകൾ പോലെയുള്ള ഭാഗങ്ങളിൽ പ്രാണികളെ വീഴ്ത്തിയാണ് ഈ ചെടി വേട്ട നടത്തുന്നത്.

മധുരമുള്ള ദ്രാവകം കുടടിക്കാനെത്തുന്ന പ്രാണികളാണ് കെണിയിൽ പെടുന്നത്.നല്ല നിറവും മണവുമുള്ള ഈ ചെടികൾ അതിവേഗം പ്രാണികളെ ആകർഷിക്കുന്നു. കെണിയിൽ വീണ പ്രാണിയെ ചെടി ദഹിപ്പിച്ച് ആഹാരമാക്കുന്നു.